# 13-ാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2745 19/12/2012-ൽ മറുപടിയ്ക്ക്**

**അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ അരിവാൾ രോഗം ബാധിച്ച എത്ര പേരെ ഇതുവരെ കണ്ടെത്തി; വെളിപ്പെടുത്തുമോ; | (എ) | വയനാട് ജില്ലയിൽ മാത്രം 639 പേരെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇവർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് ധനസഹായം നൽകി; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 12.12.2012 ലെ സ.ഉ.(സാധാ)നം.1576/2012/ പജപവവിവ. പ്രകാരം പ്രതിമാസം 1,000/- രൂപ (ആയിരം രൂപ) വീതം സമാശ്വാസ ധനസഹായം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ധനസഹായം നൽകിത്തുടങ്ങിയിട്ടില്ല. |
| (സി) | ഈ ധനസഹായം നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ? | (സി) | ഇതിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.<br>1. അരിവാൾ വിളർച്ച രോഗം ബാധിച്ച പൂർണ്ണരോഗാവസ്ഥയിലെത്തിയ പട്ടികവർഗ്ഗക്കാർക്ക് മാത്രമേ ഈ സമാശ്വാസ ധനസഹായം ലഭ്യമാവുകയുള്ളൂ.<br>2. തഹസീൽദാർ നൽകുന്ന ജാതിസർട്ടിഫിക്കറ്റിന്റെയും രോഗാവസ്ഥ തെളിയിക്കുന്ന ഡോക്ടർ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലായിരിക്കണം ആനുകൂല്യം അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 3. രോഗി മരണപ്പെട്ടാൽ രോഗിയുടെ ആശ്രിതനു സമാശ്വാസ ധന സഹായം ലഭിക്കാൻ അർഹത ഉണ്ടായിരിക്കില്ല.<br>4. ധനസഹായം രോഗികൾക്ക് മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനു മാത്രമായി ചെലവഴിക്കേണ്ടതാണ്.<br>5. ധനസഹായ തുക നൽകുന്നതിനായി ബന്ധപ്പെട്ട TDO/ITDP, ഓഫീസർമാർ രോഗികളുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഓരോ രോഗിക്കുമുള്ള സഹായധനം അവരുടെ അക്കൗണ്ടിൽ പ്രതിമാസം നിക്ഷേപിക്കേണ്ടതുമാണ്. |

സെക്ഷൻ ആഫീസർ